# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടപ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം9/1938/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം9/1938/2021 തീയ്യതി: 02/02/2022

## മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 09-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി (ഓഡിറ്റ് ഓഫീസർ. (ഹ.ഗ്രേ))
2. ശ്രീ.മുഹമ്മദ് സലീം.ടി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

3. ശ്രീ.രാമകൃഷ്ണൻ.ടി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീ.റഷീദ്.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
5. ശ്രീമതി.സുജാത.എം (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആലീസ് മേരി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| കാര്യനിർവ്വഹണ സമിതി | പ്രസിഡന്റ് | 01-11-2020 | 20-12-2020 |
| ശ്രീമതി.സഫിയ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി.ലീലാമണി.എസ് | സെക്രട്ടറി | 01-04-2020 | 02-09-2020 |
| ശ്രീമതി.റംല.എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2020 | 01-10-2020 |
| ശ്രീമതി.ലീലാമണി.എസ് | സെക്രട്ടറി | 02-10-2020 | 02-03-2021 |
| ശ്രീ.രാകേഷ് മോഹൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 08-03-2021 |
| ശ്രീമതി.ദീപ എം നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റംല.എം.വി | അസി. സെക്രട്ടറി | 01-04-2020 | 17-01-2021 |
| ഒഴിവ് | അസി. സെക്രട്ടറി | 18-01-2021 | 07-03-2021 |
| ശ്രീമതി.ദീപ എം നായർ | അസി. സെക്രട്ടറി | 08-03-2021 | 31-03-2021 |
| ശ്രീ.തോമസ്.റ്റി.റ്റി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുധിൻ.കെ.എസ് | അസി. എഞ്ചിനീയർ | 14-10-2020 | 31-03-2021 |
| ശ്രീമതി.ഗീത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.വേലുക്കുട്ടി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ. മർസൂക്ക്. എ.എം | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2020 | 29-05-2020 |
| ഡോ.സജ്ന .പി.എച്ച് | മെഡിക്കൽ ഓഫീസർ ( PHC) | 30-05-2020 | 31-03-2021 |
| ശ്രീമതി.സ്വപ്ന .വി. എസ് | വി ഇ ഒ | 01-04-2020 | 02-07-2020 |

| | | | |
|---|---|---|---|
| ശ്രീ. അബ്ദുൾ നാസർ | വി ഇ ഒ | 03-07-2020 | 31-03-2021 |
| ഡോ.മുഹമ്മദ് ഷഫീക്ക് | മെഡിക്കൽ ഓഫീസർ ( GAD) | 01-04-2020 | 31-03-2021 |
| ഡോ. ജയപ്രഭ | വെറ്ററിനറി സർജൻ | 01-04-2020 | 20-02-2021 |
| ഡോ.സന്ദുദ് മുഹമ്മദ് | വെറ്ററിനറി സർജൻ | 21-02-2021 | 31-03-2021 |
| ശ്രീ.സിനിമോൻ.സി.എച്ച് | അസി. എഞ്ചിനീയർ | 01-04-2020 | 13-10-2020 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 20-11-2021)<br>Last Updated By: Sujatha M (Auditor, On 20-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-11 |
| 12 | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക<br>Written By: Ramakrishnan.T (Senior Grade Auditor, On 18-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 18-12-2021) | 1-11-1 |
| 13 | ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-12 |
| 14 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-13 |

| | | |
|---|---|---|
| 15 | അമൃതം ന്യൂട്രീമിക്സ് ജി.എസ്.ടി- TDS ഈടാക്കിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-14 |
| 16 | എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ജി.എസ്.ടി -ടി.ഡി.എസ് കുറവ് ചെയ്തില്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-15 |
| 17 | പഞ്ചായത്ത് ഓഫീസ് നവീകരണം ഫർണ്ണിച്ചർ ലഭ്യമല്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-16 |
| 18 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-17 |
| 19 | സാക്ഷരതാ പദ്ധതി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-18 |
| 20 | എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-19 |
| 21 | സാക്ഷരത തുല്യത പരീക്ഷ ഫീസ് അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-11-2021) | 1-20 |
| 22 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Rasheed V (Senior Grade Auditor, On 24-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 24-11-2021) | 1-21 |
| 23 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം 124476 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22 |
| 24 | പുത്തൻകുളം അംഗനവാടി കെട്ടിടം പുനരുദ്ധാരണം (19/21); നഷ്ടം 7743 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-1 |
| 25 | കോട്ടോത്ത് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (16/21); നഷ്ടം 10345 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-2 |
| 26 | മൈനർ ബസാർ അംഗനവാടി കെട്ടിടം പുനരുദ്ധാരണം (79/21); നഷ്ടം 3478 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-3 |
| 27 | മൂനാടി അംഗനവാടി കെട്ടിടം പുനരുദ്ധാരണം (228/21); നഷ്ടം 8816 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-4 |
| 28 | കുണ്ടംചോല അംഗനവാടി കെട്ടിടം പുനരുദ്ധാരണം (25/21);നഷ്ടം 8816 രൂപ | 1-22-5 |

| | | |
|---|---|---|
| | Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | |
| 29 | പുളിയക്കോട് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (229/21); നഷ്ടം 8816 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-6 |
| 30 | റെയിൽ അംഗനവാടി കെട്ടിടം പുനരുദ്ധാരണം (86/21); നഷ്ടം 7995 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-7 |
| 31 | കൊമ്പങ്കല്ല് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (84/21); നഷ്ടം 10838 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 01-12-2021) | 1-22-8 |
| 32 | പുല്ലുപറമ്പ് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (227/21); നഷ്ടം 10346 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-9 |
| 33 | പുല്ലുപറമ്പ് വൃദ്ധസദനം പുനരുദ്ധാരണം (101/21); നഷ്ടം 12711 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-10 |
| 34 | പുളിയക്കോട് സബ് സെന്റർ പുനരുദ്ധാരണം (99/21); നഷ്ടം 7277 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-11 |
| 35 | പുല്ലുപറമ്പ് ആയുർവേദ ആശുപത്രി പുനരുദ്ധാരണം (100/21); നഷ്ടം 27295 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22-12 |
| 36 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 01-12-2021) | 1-23 |
| 37 | മങ്കരപ്പടി പൊതു കിണർ; പൊതു ഉപയോഗം ഉണ്ടാവുന്നില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം 124476 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 3--1 |
| 2 | പുത്തൻകുളം അംഗനവാടി കെട്ടിടം പുനരുദ്ധാരണം (19/21); നഷ്ടം 7743 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-1 |
| 3 | കോട്ടോത്ത് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (16/21); നഷ്ടം 10345 രൂപ | 3-1-2 |

| | | |
|---|---|---|
| | Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | |
| 4 | മൈനർ ബസാർ അംഗനവാടി കെട്ടിടം പുനരുദ്ധാരണം (79/21) ;നഷ്ടം 3478 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-3 |
| 5 | മൂനാടി അംഗനവാടി കെട്ടിടം പുനരുദ്ധാരണം (228/21) ; നഷ്ടം 8816 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-4 |
| 6 | കുണ്ടംചോല അംഗനവാടി കെട്ടിടം പുനരുദ്ധാരണം (25/21); നഷ്ടം 8816 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-5 |
| 7 | പുളിയക്കോട് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (229/21); നഷ്ടം 8816 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-6 |
| 8 | റെയിൽ അംഗനവാടി കെട്ടിടം പുനരുദ്ധാരണം (86/21); നഷ്ടം 7995 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-7 |
| 9 | കൊമ്പങ്കല്ല് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (84/21);നഷ്ടം 10838 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 03-12-2021) | 3-1-8 |
| 10 | പുല്ലുപറമ്പ് അംഗനവാടി കെട്ടിടം പുനരുദ്ധാരണം (227/21) ; നഷ്ടം 10346 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-9 |
| 11 | പുല്ലുപറമ്പ് വൃദ്ധസദനം പുനരുദ്ധാരണം (101/21) ;നഷ്ടം 12711 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-10 |
| 12 | പുളിയക്കോട് സബ് സെന്റർ പുനരുദ്ധാരണം (99/21) ;നഷ്ടം 7277 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-11 |
| 13 | പുല്ലുപറമ്പ് ആയുർവേദ ആശുപത്രി പുനരുദ്ധാരണം (100/21) ; നഷ്ടം 27295 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-12 |
| 14 | പഞ്ചായത്ത് ഓഫീസ് നവീകരണം ഫർണ്ണിച്ചർ ലഭ്യമായില്ല.31285 രുപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Muhammed Saleem T (Asst. Audit Officer, On 03-01-2022)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |

| | | |
|---|---|---|
| | Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 01-12-2021) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 20-11-2021)<br>Last Updated By: Sujatha M (Auditor, On 20-11-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 20-11-2021)<br>Last Updated By: Sujatha M (Auditor, On 20-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1 (1)- 23.03.2020 | 1(2)-20.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 30.06.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19774256 |
| വരവ് | 77804357 |
| ആകെ | 97578613 |
| ചെലവ് | 72740145 |
| നീക്കിയിരിപ്പ് | 24838468 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12217354 | 12217354 | 11358521 | 858833 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5590410 | 5590410 | 5555906 | 34504 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 223000 | 223000 | 62500 | 160500 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17568000 | 17568000 | 17559506 | 8494 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3622981 | 3622981 | 3612207 | 10774 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് | 0 | 9697822 | 9697822 | 6007257 | 3690565 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 5020000 | 5020000 | 2251001 | 2768999 |
| ബി ഫണ്ട് | 0 | 43461740 | 43461740 | 43461740 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 89806736 | 136 | 56051866 | 36 | 49 | 61.53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1630606 | 1630606 | 1348756 | 281850 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 25389891 | 25389891 | 25389891 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26640 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 4822300 | 1025 |
| വിധവാപെൻഷൻ | 16227600 | 2389 |
| വാർദ്ധക്യകാലപെൻഷൻ | 16685400 | 2898 |
| വികലാംഗപെൻഷൻ | 4658900 | 923 |
| വിവാഹധനസഹായം | 390000 | 13 |
| 50 വയസിനു മുകളിൽ പ്രായമുള്ള വനിതകൾക്കുള്ള ധനസഹായം | 650900 | 98 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 320/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2.ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല.
3.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും ,പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല.സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.
4. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ മെഡിക്കൽ ഓഫീസർ (ഹെൽത്ത്), വെറ്റിനറി സർജൻ, ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ പ്രൊജക്റ്റ് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.09.2021 | 01.04.2021 മുതൽ 31.07.2021 | 23.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.02.2019 മുതൽ 16.02.2019 വരെ | 2013 -2014 മുതൽ 2017-18 | 04.03.2019 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

(എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു).

1)തൊഴിൽ നികുതി (വ്യാപാരികൾ)ഇനത്തിൽ

| വാർഷിക കണക്ക് പ്രകാരം തുക | രജിസ്റ്റർ പ്രകാരം തുക |
|---|---|
| ഡിമാന്റ് - 1,19,050<br>കളക്ഷൻ<br>അഡ്വാൻസ് - 48,000 രൂപ<br>തൻവർഷം - 71,050 രൂപ<br>ആകെ- 1,19,050 | ഡിമാന്റ് - 1,05,300 രൂപ<br>കളക്ഷൻ - 1,05,300 രൂപ<br>വ്യത്യാസം - 13,750 |

2)രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബിൽഡിംഗ് പെർമിറ്റ് ഫീസ്,ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

3) ലേലം ഇനത്തിൽ 57,000രൂപ വരവുണ്ടെങ്കിലും,വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വാർഷികകണക്കിൽ 54,550 രൂപയാണ്(52,000+2550) രേഖപ്പെടുത്തിയിട്ടുള്ളത്.

4)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B5- ൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6)ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-12 ൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 5,000 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും,രേഖകളുടെ അഭാവത്തിൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. ഈ നിക്ഷേപം സംബന്ധിച്ച വ്യക്തത വരുത്തി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

7)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

8)അഡ്വാൻസ് രജിസ്റ്ററിൽ Advance To Others ഇനത്തിൽ 4,49,124 രൂപയാണ് യഥാർത്ഥത്തിൽ Recoup ചെയ്യാനുള്ളതെങ്കിലും 4,92,062 രൂപയാണ് ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B18- ൽ രേഖപ്പെടുത്തിയിട്ടുള്ളത്.ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 6000 രൂപ കൂടി അഡ്ജസ്റ്റ് ചെയ്യുവാൻ അവശേഷിക്കുന്നുണ്ടെങ്കിലും വിവരം അഡ്വാൻസ് രജിസ്റ്ററിലോ,വാർഷികകണക്കിലോ രേഖപ്പെടുത്തിയിട്ടില്ല.
വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B18- ൽ രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

| ഇനം | തുക |
|---|---|
| Advance To Implementing Agencies- Deposit With K S E B | 1,38,392 |
| Advance To Implementing Officers | 2,03,975 |
| Advance To Acredited Agencies | 36,696 |

9)റീകൺസിലേഷൻ സ്റ്റേറ്റുമെന്റുകൾ ഒന്നും തന്നെ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം .10 /20-21/23.11.21)

## 1-11-1 ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക

ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരവും എ സി ആർ പ്രകാരവും താഴെ പറയുംപ്രകാരം ഫണ്ടിനങ്ങളിൽ ചെലവ് തുകയിൽ വ്യത്യാസം

| ക്രമ നം. | ഫണ്ടിനം | എ സി ആർ പ്രകാരം തുക | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|
| 1 | പ്ലാൻ (ജനറൽ) | 11358521 | 13126541 | 1768020 |
| 2 | എസ് സി പി | 5555906 | 5357383 | 198523 |
| 3 | സി എഫ് സി (റ്റൈഡ് ) | 2251001 | 1867632 | 383369 |
| 4 | സി എഫ് സി(യുനൈറ്റഡ്) | 6007257 | 5123523 | 883734 |
| 5 | മെയ്ൻറനൻസ് ഫണ്ട്(റോഡ് ) | 17559506 | 16140442 | 1419064 |
| 6 | മെയ്ൻറനൻസ് ഫണ്ട്(റോഡിതരം ) | 3612207 | 3649226 | 37019 |

## 1-12 ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കിയിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് ചുമത്താവുന്നതാണ്. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നാളിതുവരെയും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. 2020- 21 സാമ്പത്തിക വർഷത്തിൽ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള 99 സ്ഥാപനമുടമകളിൽ 85 പേരിൽ നിന്ന് വിറ്റുവരവിന്റെ അടിസ്ഥാനത്തിലും 14 പേരിൽനിന്ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുമാണ് ലൈസൻസ് ഫീസ് പിരിച്ചെടുത്തിട്ടുള്ളത്. എന്നാൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയ 14 അപേക്ഷകളിൽ 10 അപേക്ഷകളിലും അപേക്ഷയിലോ അനുബന്ധ രേഖകളിലോ പരിശോധനാ റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടുമില്ല. ലൈസൻസ് അപേക്ഷകളിൻമേൽ എപ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല. ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 5/*20-21*/22.11.2021 മറുപടി ലഭ്യമാക്കിയില്ല)

## 1-13 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ

വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1). ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല. ഉദാ. 23.07.2020 ൽ ലഭിച്ച 2201/2020 നമ്പർ കറണ്ട് നമ്പറിന് ശേഷം 1736/20-23.06.20, 2094/20- 13.07.2020 എന്നിവയും 18.08.2020 ന് ലഭിച്ച 2310/20-10.08.2020 ന് ശേഷം 2214/20- 24.07.2020 അപേക്ഷയും ചേർത്തിരിക്കുന്നു.

(2). രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണെങ്കിലും 2020-21വർഷം മുഴുവൻ കറണ്ട് നം, അപേക്ഷകന്റെ പേര്, അഡ്രസ്, പെർമിറ്റ് ഫീ അടവാക്കിയ വിവരം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവക്ക് ക്രമ നമ്പർ നൽകിയിട്ടുമില്ല.

(3). ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4). കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(5). അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. . സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(6). അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമാക്കിയിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(7). കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/*20-21*/23.11.2021 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-14 അമൃതം ന്യൂട്രീമിക്സ് ജി.എസ്.ടി- TDS ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ നികുതി കിഴിച്ചുള്ള തുകയുടെ (ജി.എസ്.ടിയിന്മേൽ) 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് വിവിധ ബില്ലുകൾ പ്രകാരം

ചെലവഴിച്ച തുകയിൽ നൽകിയ ജി.എസ്.ടി- TDS നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറല് 18/20) | 1443850 | അൽഅമീൻ ന്യൂട്രീമിക്സ്,മമ്പാട്ടുമൂല |
| 2 | അനുപൂരക പോഷകാഹാര വിതരണം (SC 9/21) | 110556 | അൽഅമീൻ ന്യൂട്രീമിക്സ്,മമ്പാട്ടുമൂല |
| | | 522440 | അനന്ദം ന്യൂട്രീമിക്സ്, വേങ്ങാപരത |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ബില്ലുകളിലെ നികുതി കിഴിച്ചുള്ള തുകയുടെ ജി.എസ്.ടി. 2% TDS നടത്താത്തതിന് പ്രത്യേക കാരണങ്ങൾ ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അംഗനവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിനു ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ടെന്ന 17.6.2021 ലെ കേന്ദ്രസർക്കാർ സ്പഷ്ടീകരണം സംബന്ധിച്ച കത്ത് ഹാജറാക്കി. എന്നാൽ അമൃതം ന്യൂട്രീമിക്സ് മിശ്രിതത്തിന്റെ കാര്യത്തിൽ ഇത് ബാധകമാണോ എന്നത് സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം ലഭിക്കുന്നത് വരെ നിലവിൽ നൽകുന്ന ജി.എസ്.ടി തുടരാൻ വനിത ശിശു വികസന ഡയറക്ടറുടെ 18.8.21 ലെ ഐ.സി.ഡി.എസ് ബി3/13220/21 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ജി.എസ്.ടി. നൽകേണ്ടതും 2% TDS നടത്തേണ്ടതുമാണ്.

## 1-15 എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ജി.എസ്.ടി -ടി.ഡി.എസ് കുറവ് ചെയ്തില്ല

താഴെ പറയുന്ന എൻആർഇജിഎസ് പ്രവൃത്തികളിൽ ക്രമനമ്പർ 1,2 പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾ നൽകിയ കോൺട്രാക്ടർ ശ്രീ. സനാഉള്ള ടി പി ക്രമനമ്പർ 3,4,5 പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾ നൽകിയ കോൺട്രാക്ടർ മുഹമ്മദ് ഷഫീക് വി എന്നിവർക്ക് പണം നൽകിയപ്പോൾ നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.ടി വിഹിതം ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ, കരാർ | അളവ് പുസ്തകം, ആകെ മൂല്യം, | മെറ്റീരിയൽസ് വില - | FTO നമ്പർ |
|---|---|---|---|---|
| 1 | കരുവരട്ട പാങ്ങപ്പാറ റോഡ് കോൺക്രീറ്റ് - 49000 4/19-20 | 142/20-21 484524 | 394648 | 802803/1.3.21 |
| 2. | ഓലപ്പാറ കുമ്പളക്കുഴിയിൽ റോഡ് കോൺക്രീറ്റ് 420000 6/19-20 | 457/20-21 374946 | 302056 | 925935/25.3.21 |
| 3. | പുല്ലപ്പറമ്പ് ആയപ്പള്ളി റോഡ് കോൺക്രീറ്റ് 500000 4/20-21 | 110/20-21 498925 | 397070 | 803173/1.3.21 |
| 4. | ട്രാൻസ്ഫോർമർ മങ്ങലത്തൊടി റോഡ് കോൺക്രീറ്റ് - 353000 3/20-21 | 138/20-21 353228 | 279626 | 800854/1.3.21 |
| 5. | മുരുമുരുപ്പൻപാറ മാപ്പാറ റോഡ് കോൺക്രീറ്റ് 499000 | 137/20-21 499075 | 397069 | 801014/ 1.3.21 |

| | 1/20-21 | | | |
|---|---|---|---|---|
| | | | | |

GST ബാധകമായ പ്രവൃത്തികളിലും ഇടപാടുകളിലും ഒരു കോൺട്രാക്റ്റ് പ്രകാരമുള്ള ഇടപാട് മൂല്യം GST കൂടാതെ 2.5 ലക്ഷം രൂപക്ക് മുകളിലായാൽ ആകെ തുകയുടെ 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്. അത് പ്രകാരം മേൽപ്രവൃത്തികളുടെ നിർമ്മാണ സാമഗ്രികളുടെ തുകയിൽനിന്ന് 2 % GST ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 3/22.11.21(20-21))ക്ക് ലഭ്യമാക്കിയ മറുപടിയിൽ കോൺട്രാക്ടർമാർ റിട്ടേൺ നൽകിയ രേഖകൾ ഹാജറാക്കുകയാണ് ചെയ്തത്. 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുകയാണ് വേണ്ടിയിരുന്നത്. ഭാവിയിൽ ഈ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ഓഫീസ് നവീകരണം ഫർണ്ണിച്ചർ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ട് 1255093 രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത പഞ്ചായത്ത് ഓഫീസ് നവീകരണം (നമ്പർ 34/2021) എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ ഏജൻസിയായ കാഡ്കോ, ഫർണ്ണിച്ചർ സപ്ലൈ ചെയ്തിട്ടുണ്ട്. 22.11.2021 ന ഗ്രാമഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെയും എഞ്ചിനിയറിംഗ് വിഭാഗം ഓവർസിയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് ടീം സപ്ലൈ ചെയ്ത ഫർണ്ണിച്ചർ പരിശോധിച്ചു. ഇൻവോയിസ് NRO/SALES/165 തിയ്യതി 26.8.2020 പ്രകാരം സപ്ലൈ ചെയ്ത ഫർണ്ണിച്ചറുകളിൽ 2 പീജിയൻ ഹോൾ റാക്കുകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഒരു പീജിയൻ ഹോൾ റാക്ക് മാത്രമാണ് പരിശോധനയിൽ കണ്ടെത്താനായത്. ഇതിനു 26513 രൂപയും 18 ശതമാനം ജിഎസ്ടിയും ഉൾപ്പെടെ ആകെ 31285 രൂപ വിലയുണ്ട് . ആകെ ഇൻവോയിസ് തുക 285077രൂപ 22000761/27.8.2020നമ്പർ വൗച്ചർ പ്രകാരം കാഡ്കോക്ക് നൽകിയ 842119 രൂപയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇൻവോയിസ് പ്രകാരമുള്ള എല്ലാ ഫർണ്ണിച്ചർ ഇനങ്ങളും ലഭ്യമാണെന്ന് ഇൻവോയിസിൽ സാക്ഷ്യപ്പെടുത്തുകയോ ഫർണ്ണിച്ചർ സ്റ്റോക്കിലെടുക്കുകയോ സ്റ്റോക്ക് നമ്പർ നൽകുകയോ ചെയ്തിട്ടില്ല. ഒരു പീജിയൻ ഹോൾ റാക്കിന്റെ വില 31285 രൂപ നിരാകരിക്കുന്നു. ആയത് തിരിച്ചടക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/23.11.21 ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-17 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.194/2021

എസ് സി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

വിനിയോഗിച്ച തുക – 3,12,444 രൂപ (പ്ലാൻ - ടി എസ് പി )

ബിൽ നം. 5/20-21/27.03.2021

നിർവ്വഹണം - ഹെഡ് മാസ്റ്റർ ജി എൽ പി എസ് ,പാലപ്പറ്റ

പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട11 പേർക്ക് KELTRON തിരുവനന്തപുരം മുഖേന ലാപ് ടോപ് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ തി.14.02.2018 പ്രകാരം പദ്ധതി ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വകുപ്പ് മുഖേന ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്.എന്നാൽ ആയത് ഉറപ്പാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2)ജിതിൻദാസ് പി കെ പൂതംകോടൻ,എടപ്പറ്റ പി ഒ എന്ന ഗുണഭോക്താവ് ഐ ടി ഐ വിദ്യാർത്ഥിയാണ്. മേൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഐ ടി ഐ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 7/20-21)/22.11.21)മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവുതുക 3,12,444 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 സാക്ഷരതാ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 190/21

സാക്ഷരതാ പദ്ധതി

വിനിയോഗിച്ച തുക – 9900 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 4/20-21/27.03.2021 – 9900 രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ്, പാതിരിക്കോട്

പദ്ധതി പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർനം./തീയ്യതി | ഇനം. | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | V1/190-21/ 01.01.21 | സർവ്വേ പ്രതിഫലം | 1750 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രത്തിന്റെ 2020-21 വർഷത്തിൽ പുളിയക്കോട് വാർഡിൽ 175 വീടുകളിൽ സർവ്വേനടത്തിയ ഇനത്തിൽ ചെലവഴിച്ച തുക (175*10)<br>-സർവ്വേ എപ്രകാരം നടത്തിയതും സർവ്വേക്ക് നിരക്ക് നിശ്ചയിച്ച നൽകിയതും എപ്രകാരമെന്ന് വ്യക്തമല്ല. |
| 2 | V2/190-21/ 01.01.21 | സർവ്വേ പ്രതിഫലം | 1800 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രത്തിന്റെ 2020-21 വർഷത്തിൽ പുളിയക്കോട് വാർഡിൽ 180 വീടുകളിൽ സർവ്വേനടത്തിയ ഇനത്തിൽ ചെലവഴിച്ച തുക (180*10)<br>-സർവ്വേ എപ്രകാരം നടത്തിയതും സർവ്വേക്ക് നിരക്ക് നിശ്ചയിച്ച നൽകിയതും എപ്രകാരമെന്ന് വ്യക്തമല്ല. |
| 3 | V3/190-21/ 10.01.21 | സ്റ്റേഷനറി | 1050 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രം- സ്ലേറ്റ്, നോട്ട്ബുക്ക്, പെൻസിൽ,പേന ചെലവുകൾക്ക് വിനിയോഗിച്ച തുക. |
| 4 | V4/190-21/ 26.01.21 | ഇൻസ്ട്രക്ടർക്ക് പ്രതിഫലം | 5000 | പുളിയക്കോട് ലക്ഷംവീട് കോളനിയിൽവെച്ച്<br>30 പഠിതാക്കൾക്ക് ക്ലാസ് എടുത്തവകയിൽ<br>നിമിഷ ടി എന്ന ഇൻസ്ട്രക്ടർക്ക് നൽകിയ പ്രതിഫലം(5*1000)<br>-നിരക്ക് നിശ്ചയിച്ച നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല. |
| 5 | V5/190-21/ 26.01.21 | റീഫ്രഷ്മെന്റ് | 300 | -ഏത് കാര്യപരിപാടിക്കാണ് റീഫ്രഷ്മെന്റ് എന്ന് വ്യക്തമല്ല. |
| | | ആകെ | 9900 | |

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 9/20-21/22.11.21)മറുപടി ലഭ്യമാക്കിയില്ല.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് സാക്ഷരത പരിപാടി

നടത്താമെന്നതു സംബന്ധിച്ച സർക്കാർ അനുമതിപത്രം/ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 91/21

എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി

വിനിയോഗിച്ച തുക – 2,89,884 രൂപ (പ്ലാൻ -എസ് സി പി )

ബിൽ നം. 3/20-21/14.01.2021 – 2,89,884 രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ്, പാതിരിക്കോട്

പദ്ധതി പ്രകാരം 59എസ് സി വിദ്യാർത്ഥികൾക്ക് സിഡ്കോ,മഞ്ചേരി മുഖേന മേശയും കസേരയും വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ തി.14.02.2018 പ്രകാരം പദ്ധതി ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വകുപ്പ് മുഖേന ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്.എന്നാൽ ആയത് ഉറപ്പാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2)സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ തി.14.02.2018 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിയാണെന്ന് പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തി നൽകുന്ന പട്ടികപ്രകാരം സ്കൂൾ അധികൃതർ മുഖേന ആനുകൂല്യവിതരണം നടത്തുകയാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ താഴെ പറയുന്ന സ്കൂളുകളിൽ നിന്നും ലഭ്യമായ പട്ടികകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിയാണെന്ന് പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമനം. | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | ജി എൽ പി എസ്, ചേരിപ്പറമ്പ് | 11 |
| 2 | ജി എൽ പി എസ്, കെമ്പൻകല്ല് | 6 |
| 3 | എ എം എൽ പി എസ്, ഏപ്പിക്കാട് | 8 |
| 4 | ജി എൽ പി എസ് ,പെഴുംന്താറ | 2 |
| 5 | എ യു പി എസ്, വെള്ളിയഞ്ചേരി | 14 |
| 6 | ജി എൽ പി എസ്, എടപ്പറ്റ | 5 |
| 7 | എ എം എൽ പി എസ്,അക്കരപ്പുറം | 1 |
| 8 | എ എം എൽ പി എസ്, മേലാറ്റൂർ | 2 |
| 9 | ടി എം ജെ എം എൽ പി എസ് ,ചോലകുളം | 5 |

കൂടാതെ,ആനുകൂല്യ വിതരണം നടത്തിയ പട്ടികയും പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 9/ 20-21/ 22.11.21) മറുപടി ലഭ്യമാക്കിയില്ല.ചെലവുതുക 2,89,884 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 സാക്ഷരത തുല്യത പരീക്ഷ ഫീസ് അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം.202/21

സാക്ഷരത തുല്യത പരീക്ഷ ഫീസ് അടവാക്കൽ

വിനിയോഗിച്ച തുക – 98,750 രൂപ (പ്ലാൻ - ജനറൽ)

ബിൽ നം. 6/20-21/31.03.21 - 43,750

ബിൽ നം. 7/20-21/31.03.21 - 55,000

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ്, പാതിരിക്കോട്

പദ്ധതി പ്രകാരം പത്താംതരം തുല്യത ഫീസ് ഇനത്തിൽ 25 പേർക്ക് 43,750 രൂപയും (1750*25),ഹയർസെക്കണ്ടറി തുല്യത ഫീസ് ഇനത്തിൽ 55,000 രൂപയും പരീക്ഷയ്ക്കായി സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്.പ്രസ്തുത ഗുണഭോക്താക്കൾ പരീക്ഷയെഴുതിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.5/20-21/22.11.21)മറുപടി ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-21 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.

